Reg. No. : ....................................

Name : ........................................

**SY-517**

**SECOND YEAR HIGHER SECONDARY EXAMINATION, MARCH 2023**

Part – III

Time : $2\frac{1}{2}$ Hours

Cool-off time : 15 Minutes

**മലയാളം**

**(ഐച്ഛികം)**

**MALAYALAM**

**(Optional)**

Maximum : 80 Scores

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് 2 ഉത്തരം വീതം തിരഞ്ഞെടുത്ത് എഴുതുക. 2 സ്കോർ വീതം. (5 × 2 = 10)**

1. 'മധുരിക്കും ഓർമകൾ' എന്ന നാടക ഗാനത്തിൽ ഓർമകളെ മാധുര്യമുള്ളതാക്കുന്ന ഏതെങ്കിലും രണ്ട് അനുഭവം കണ്ടെത്തി എഴുതുക.

   - ഒരു കുമ്പിൾ മണ്ണുകൊണ്ട് വീടുവയ്ക്കൽ
   - പായസച്ചോറുണ്ണൽ
   - തുമ്പപ്പൂവുകൊണ്ട് വിരുന്നൊരുക്കൽ
   - പൂന്തണൽപ്പായ വിരിക്കൽ

DITTO WS

2. 'വിഭീഷണ ഹിതോപദേശ'ത്തിലെ വിഭീഷണന്റെ രണ്ട് സ്വഭാവ സവിശേഷതകൾ തിരഞ്ഞെടുത്തെഴുതുക.

- ധാർമികത മുറുകെ പിടിക്കുന്ന സ്വഭാവം
- സ്ത്രീകളോടുള്ള ബഹുമാനക്കുറവ്
- സഹോദര സ്നേഹമില്ലായ്മ
- രാമൻ അജയ്യനാണെന്ന വിശ്വാസം

3. തനതു നാടക വേദിയെക്കുറിച്ചുള്ള രണ്ടു പ്രസ്താവനകൾ കണ്ടെത്തി എഴുതുക.

- തനതു നാടകവേദി യൂറോപ്പിൽ നിന്നു പറിച്ചു നട്ടതാണ്.
- നമ്മുടെ കലാപാരമ്പര്യത്തിന്റെ അന്തഃസത്ത ഉൾക്കൊള്ളുന്നവയാണ്.
- കാലിക പ്രസക്തിയെ നിഷേധിക്കുന്നവയാണ്.
- ഏതു ദേശത്തിന്റേയും സംസ്കാരവും ചരിത്രവും അസ്തിത്വവും പ്രതിഫലിപ്പിക്കുന്നവയാണ്.

4. 'വെബ്സൈറ്റി'ലെ സ്മിത, തന്റെ സ്വത്വ പ്രഖ്യാപനങ്ങളായി കരുതുന്ന രണ്ടു കാര്യങ്ങൾ ഏതൊക്കെയാണ് ?

- ക്ലാർക്കിന്റെ പണി
- ജീവിതം സുഖിച്ചു തീർക്കാനുള്ളതാണെന്ന ചിന്ത
- വീടുവിട്ടകന്ന് പേയിങ് ഗസ്റ്റായുള്ള താമസം
- അനേകം ഇ-മെയിൽ വിലാസങ്ങൾ.

5. 'ഒരുകൂട്ടം ഉറുമ്പുകൾ' എന്ന നാടകത്തിൽ പരാമർശിക്കപ്പെടുന്ന രണ്ട് മനുഷ്യ സ്വഭാവ വിമർശനങ്ങൾ ഏവ ?

- ശവത്തിൽ കുത്തുന്നത് മനുഷ്യരുടെ സ്വഭാവമാണ്.
- എല്ലാ മനുഷ്യരും പരോപകാരികളാണ്.
- സ്വാർത്ഥതയും അഹങ്കാരവും ഇല്ലാത്തവരാണ് മനുഷ്യർ.
- അകന്നാൽ ചവിട്ടിക്കൊല്ലുകയും അടുത്താൽ നക്കിക്കൊല്ലുകയും ചെയ്യുന്നവരാണ് മനുഷ്യർ.

6. പരസ്യങ്ങളുടെ രണ്ട് വിപണന തന്ത്രങ്ങൾ കണ്ടെത്തി എഴുതുക.

- മേന്മയുള്ള ഉല്പന്നങ്ങൾക്ക് മാത്രം പരസ്യം നല്കുക.
- ആവശ്യങ്ങളില്ലാത്തിടത്ത് ആവശ്യങ്ങൾ സൃഷ്ടിക്കുക.
- ഉപഭോക്താവിന് ലാഭം ഉറപ്പുവരുത്തുക.
- ആവശ്യങ്ങൾ ഉള്ളിടത്ത് അവയ്ക്ക് പുത്തൻ മാനങ്ങൾ നല്കുക.

**7 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(3 × 2 = 6)**

7. 'ജ്യേഷ്ഠനും അമ്മാവനും ഹിതമല്ലാത്തത് എനിക്കും ഹിതമല്ല.' (കാലം മാറുന്നു) പാർവതി അമ്മയുടെ ഈ വാക്കുകൾ 19-ാം നൂറ്റാണ്ടിലെ സ്ത്രീകളുടെ ഏത് പൊതുമനോഭാവത്തെയാണ് സൂചിപ്പിക്കുന്നത് ? നിഗമനങ്ങൾ കുറിയ്ക്കുക.

8. രസധ്വനി എന്തെന്ന് വിശദമാക്കുക.

9. 'വയൽ നിങ്ങൾ തട്ടിയെടുത്താലും ഈ കാട് എന്റേതാണല്ലോ !' എന്ന് കുങ്കന് തോന്നിയത് എന്തുകൊണ്ടാവാം ? നിങ്ങളുടെ നിരീക്ഷണങ്ങൾ എഴുതുക.

10. 'സൂര്യനുദിക്കുമ്പോൾ കൂരിരുൾ ഓടിയൊളിക്കുന്നു' എന്ന പ്രകൃത്യവസ്ഥയെ മനുഷ്യ ജീവിതവുമായി കവയിത്രി (സിസ്റ്റർ മേരിബനീഞ്ഞ) ബന്ധിപ്പിച്ചിരിക്കുന്നതെങ്ങനെ ? കുറിപ്പ് തയ്യാറാക്കുക.

**11 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(6 × 4 = 24)**

11. 'ഉണരുക കണികാണാനംബരേ ചെംബരേശ'–കണികാണാനായി ആകാശം ഒരുക്കി വച്ചിരിക്കുന്ന മനോഹരമായ കാഴ്ചകൾ കോട്ടയത്തു തമ്പുരാൻ വർണിക്കുന്നതെങ്ങനെ ? കുറിപ്പ് തയ്യാറാക്കുക.

12. "എനി ആ ചെറിയ ശിന്നനെയും മുരിക്കുട്ടനെപ്പോലെ വളർത്താനാണത്രേ ഭാവം. ഇതിനു ഞാൻ സമ്മതിക്കയില്ലാ-ഞാൻ അവനെ കൊണ്ടുപോയി പഠിപ്പിക്കും."

(കാലം മാറുന്നു)

– ഈ വാക്കുകളിൽ തെളിയുന്ന മാധവന്റെ സ്വഭാവ സവിശേഷതകൾ എന്തെല്ലാമാണ് ? വിശകലനകുറിപ്പ് തയ്യാറാക്കുക.

13. "ഹാ ! മിഴിച്ചു നിന്നവനങ്ങമ്മഥുരയിലെ മുഖ്യകാമനീയകത്തിൻ ഭസ്മകദംബം കണ്ടു !"

(ശാന്തം കരുണം)

– ഭൗതിക നേട്ടങ്ങളുടെ നിരർത്ഥകത ഈ വരികളിൽ തെളിയുന്നുണ്ടോ ? പരിശോധിക്കുക.

14. ഖസാക്കിലെ അപ്പുക്കിളിയ്ക്ക് രൂപം നല്കിയ വേലാണ്ടിയെ കുറിച്ചുള്ള ഒ.വി. വിജയന്റെ നിരീക്ഷണങ്ങൾ കുറിക്കുക.

15. "തൃണങ്ങളിൽ ചേർന്ന തുഷാരബിന്ദു
തിളങ്ങി വെൺമുത്തിനെ വെന്നിടുന്നു,
തന്നിയ്ക്കു യോജിച്ച നിലയ്ക്ക നിന്നാൽ
തേജസ്സു നിസ്സാരനുമേറ്റമുണ്ടാം."

- ഈ വരികൾ പ്രകൃതിഭാവ ചിത്രീകരണത്തോടൊപ്പം മനുഷ്യ സ്വഭാവത്തെക്കൂടി വിശകലനം ചെയ്യുന്നുണ്ടോ ? പ്രതികരണക്കുറിപ്പു തയ്യാറാക്കുക.

16. 'ഗ്രാമീണരുടെ ഭാഷയിലേ കവിത എഴുതാവൂ' എന്നു വേർഡ്സ്വർത്ത് അഭിപ്രായപ്പെടുന്നത് എന്തുകൊണ്ടാണ് ? പാഠഭാഗം വിശകലനം ചെയ്ത് കുറിപ്പെഴുതുക.

17. പരസ്യങ്ങളുടെ സംവേദന ശക്തിയെ കുറിച്ച് 'പരസ്യവും ഉപഭോഗത്വരയും' എന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി കുറിപ്പ് തയ്യാറാക്കുക.

**18 മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. 6 സ്കോർ വീതം. (3 × 6 = 18)**

18. 'വാക്കുകൊണ്ടും കാഴ്ചപ്പാടുകൊണ്ടും വിഭിന്ന വ്യക്തിത്വമുള്ള സഹോദരങ്ങളാണ് രാവണനും വിഭീഷണനും.' – ഈ പ്രസ്താവന 'വിഭീഷണ ഹിതോപദേശം' എന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി വിലയിരുത്തുക.

19. 'നിറമില്ല, ജാതിയില്ലാ, സ്ഥിതിമതഭേദമില്ലാതൊരുമിക്കാൻ വിളിപ്പിതോരുറുമ്പിൻ കൂട്ടം' – ചെറുതുകൾ നല്കുന്ന വലിയ സന്ദേശമാണ് 'ഒരു കൂട്ടം ഉറുമ്പുകൾ' എന്ന നാടകത്തിൽ അവതരിപ്പിക്കപ്പെടുന്നത്. പാഠഭാഗം വിശകലനം ചെയ്ത് നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

20. അധികാര മനോഭാവത്തോടും അധിനിവേശ താല്പര്യത്തോടുമുള്ള പ്രതിഷേധം 'കാടു വിളിക്കുന്നു' എന്ന പാഠഭാഗത്ത് എത്രമാത്രം പ്രതിഫലിക്കുന്നുണ്ട് ? അപഗ്രഥനക്കുറിപ്പ് തയ്യാറാക്കുക.

21. 'വേട്ടക്കാരന്റെ നോട്ടവുമായി ഇരകളെ വരിഞ്ഞുമുറുക്കാൻ കാത്തിരിക്കുന്ന വലക്കണ്ണികളാണ് വെബ്സൈറ്റുകൾ.' – ഈ പ്രസ്താവനയെ ചന്ദ്രമതിയുടെ 'വെബ്സൈറ്റ്' എന്ന കഥയുമായി ബന്ധപ്പെടുത്തി പരിശോധിക്കുക.

★ **താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 6 സ്കോർ വീതം.** **(3 × 2 = 6)**

ഗൃഹപാഠം പറഞ്ഞുകൊടുക്കാൻ ഒരിത്തിരിപ്പോന്ന പെൺകുട്ടി ചോദിച്ചപ്പോൾ അക്ഷരജ്ഞാനമില്ലാതിരുന്ന താനനുഭവിച്ച നാണക്കേടിനെക്കുറിച്ച് വി.ടി. ഭട്ടതിരിപ്പാട് ആത്മകഥയിൽ പറയുന്നുണ്ട്. 'അവളുടെ വിടർന്ന നയനങ്ങൾ പ്രതീക്ഷയോടെ എന്റെ മുഖത്ത് പറ്റിനിന്നു. നോട്ടുപുസ്തകം മേടിച്ച് അതിലെ വെളുത്ത കടലാസിൽ കുനിയനുറുമ്പ് അരിച്ചപോലെ കാണായ അക്ഷരങ്ങളിൽ ഞാനങ്ങനെ നിന്നു. യാതൊന്നും എനിയ്ക്ക് മനസ്സിലായില്ല. ലജ്ജകൊണ്ട് ഞാൻ ഇല്ലാതായി. കാഴ്ചമങ്ങിപ്പോയി.' അതേ പെൺകുട്ടിക്ക് ശിഷ്യപ്പെട്ട് അദ്ദേഹം അക്ഷരാധികാരം കൈക്കലാക്കി. അപ്പോഴത്തെ അനുഭൂതി അദ്ദേഹം ഇങ്ങനെ എഴുതി. പണപ്പായസത്തിന് ശർക്കര പൊതിഞ്ഞുകൊണ്ടുവന്ന കടലാസ് തിടപ്പള്ളിയുടെ മേപ്പടിക്കുണ്ടിൽ സൂക്ഷിച്ചിരുന്നത് ആളൊഴിഞ്ഞ സമയത്ത് ഞാനെടുത്ത് വായിക്കാൻ തുടങ്ങി. 'മാൻമാർക്ക് കുട' എന്ന വാക്യം ആദ്യമായി പണിപ്പെട്ട് കൂട്ടിവായിച്ചപ്പോൾ എന്റെ മനസ്സിൽ നിന്ന് ഒരു ആഹ്ലാദ ധ്വനി വിനിർഗളിക്കുകയുണ്ടായി. 'മാൻമാർക്ക് കുട' എന്ന ആ ശബ്ദം എത്ര തവണ ഞാൻ ഉറക്കെ ആവർത്തിച്ചു എന്ന് പറയാനാവില്ല. ആ അയ്യപ്പൻ കാവിലെ അന്തരീക്ഷത്തിൽ ആ പെൺകുട്ടി കൊളുത്തിത്തന്ന കെടാവിളക്കാണ് പില്ക്കാല ജീവിതത്തിൽ എനിക്ക് മാർഗനിർദ്ദേശം നല്കിയ മഹാജ്യോതിസ്സെന്നോർക്കുമ്പോൾ കൃതജ്ഞതകൊണ്ട് എന്റെ കണ്ണുകൾ നിറഞ്ഞുപോവുന്നു. ആ പെൺകുട്ടി ഇല്ലായിരുന്നെങ്കിൽ വി.ടി., വി.ടി.യുടെ ദേഹത്തോടൊപ്പം മിക്കവാറും അവസാനിക്കുമായിരുന്നു. എഴുത്ത് എന്ന കെടാവിളക്കിന്റെ വെളിച്ചത്തിൽ വി.ടി. ഇന്നും കുറയാതെ തിളങ്ങുന്നു.

22. "ലജ്ജകൊണ്ട് ഞാൻ ഇല്ലാതായി" എന്ന് വി.ടി. ഭട്ടതിരിപ്പാട് പറയാനുണ്ടായ സാഹചര്യം കുറിക്കുക.

23. വി.ടി. യുടെ മനസ്സിൽനിന്ന് ആഹ്ലാദധ്വനി പുറത്തുവന്നതെപ്പോൾ ?

24. ആ പെൺകുട്ടി ഇല്ലായിരുന്നെങ്കിൽ വി.ടി. അദ്ദേഹത്തിന്റെ ദേഹത്തോടൊപ്പം അവസാനിക്കുമായിരുന്നു എന്ന് ലേഖകൻ പറയാൻ കാരണമെന്താവാം ?

**25 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ ഉത്തരമെഴുതുക. 8 സ്കോർ വീതം. (2 × 8 = 16)**

25. മലയാള ഗദ്യഭാഷയുടെ വളർച്ചയെ അടയാളപ്പെടുത്തിയ കൃതികളെക്കുറിച്ച് എൻ. കൃഷ്ണ പിള്ളയുടെ 'മലയാള ഗദ്യപരിണാമം' എന്ന ലേഖനത്തെ അടിസ്ഥാനമാക്കി ഉപന്യസിക്കുക.

26. മാനവിക മുല്യങ്ങൾ നഷ്ടപ്പെട്ടു സ്വാർത്ഥതയ്ക്ക് അടിമപ്പെട്ടുപോകുന്ന പുതുകാല സാമൂഹിക മനോഭാവം 'പ്രഥമ സായാഹ്നം' എന്ന പാഠഭാഗത്തിൽ എങ്ങനെയാണ് അവതരിപ്പിച്ചിരിക്കുന്നത് ? നിങ്ങളുടെ നിരീക്ഷണങ്ങൾ എഴുതുക.

27. "കരൾക്കനം നീക്കി മുതിർന്നു കേറിക്കയർത്തിടുന്നു കടുപുത്ര ദു:ഖം"

– 'പുത്ര ദു:ഖത്തിന്റെ തിവ്രതയാൽ വെന്തുനീറുന്ന രണ്ടു കഥാപാത്രങ്ങളാണ് ധൃതരാഷ്ട്രരും ദുര്യോധനനും' – ഈ പ്രസ്താവന 'ഊരുഭംഗം' എന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി വിലയിരുത്തുക.